മുസ്ലീം ധർമ്മസ്ഥാപന സ്വത്തുക്കൾ.

* 279. [26] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറിലെ വഖഫ് (മുസ്ലീം ധർമ്മസ്ഥാപനസ്വത്തുക്കൾ) സ്വത്തുക്കളെ സംബന്ധിച്ച് സർവ്വെ എത്ര ത്തോളമായി ;

(ബി) ഓരോ റവന്യൂ ഡിസ്ട്രിക്റ്റിലും 10,000 രൂ. യ്ക്ക് മേൽ വിലവരുന്ന എത്ര ധർമ്മസ്ഥാപനങ്ങൾ ഉണ്ട് ;

(സി) സർവ്വെ മുഴുവനുമായില്ലെങ്കിൽ എത്ര കാലയളവിനുള്ളിൽ ഈ സർവ്വെ അവസാനിപ്പിക്കും ?

മുഖ്യമന്ത്രി—ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ :

(എ) പൂർത്തിയായിവരുന്നു.

(ബി) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ അഞ്ച് (5) ധർമ്മസ്ഥാപനങ്ങൾ ഉണ്ട്. മറ്റു ഡിസ്ട്രിക്റ്റുകളിൽ സർവ്വെ പൂർത്തിയായിട്ടില്ല.

(സി) മൂന്നുമാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

പേ റിവിഷൻ.

* 280. [29] എം. എ. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേകമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പേ റിവിഷൻകൊണ്ടു എത്ര ലക്ഷം രൂപ കൂടുതൽ ഗവണ്മെന്റിന് ചെലവു വർദ്ധിക്കുന്നുണ്ട് ;

(ബി) ഈ പേ റിവിഷൻകൊണ്ടു് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ലാത്ത നിസ്സാര ശമ്പളക്കാരായ അനേകം ഉദ്യോഗസ്ഥന്മാർ ഇനിയുമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളിഗോവിന്ദ മേനോൻ :)

(എ) 50 ലക്ഷം രൂപ.

(ബി) ഈ പേ റിവിഷന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർക്ക് പ്രയോജനമില്ലാത്തതായി ഗവണ്മെന്റിന് അറിവില്ല.

റിലീഫ് സെറ്റിൽമെന്റിലെ മാനേജരന്മാരുടെ ശമ്പളം.

* 281. [30] എം. എ. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ മാത്രം നിലവിലുള്ള റിലീഫ് സെറ്റിൽമെന്റിലെ മാനേജരന്മാരുടെ ശമ്പളവും പേക്കമിഷൻ പരിഗണിച്ചിട്ടുണ്ടോ ;

(ബി) അവരുടെ ശമ്പളം അവർക്ക് തുല്യമായ മറ്റുദ്യോഗസ്ഥന്മാരുടെ ശമ്പളത്തോടു് ഉയർത്തുവാൻ ഗവണ്മെന്റ് വേണ്ടനടപടികൾ എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly